# Festival Criterias

## General Criterias

പൊതു നിബന്ധനകൾ 1

- <u>തിരിച്ചറിയൽ രേഖ</u>
- മത്സരങ്ങളിൽ പങ്കെടുക്കുന്നവർ സംഘടനയുടെ അംഗത്വ കാർഡ് മത്സര സമയത്ത് കൈവശം കരുതേണ്ടതാണ്. പിന്നണിയിൽ പ്രവർത്തിക്കുന്നവർക്ക് തലശ്ശേരി അതിരൂപതാംഗമാണെന്ന് തെളിയിക്കുന്ന വികാരിയച്ചൻറെ കത്ത് കൈവശം ഉണ്ടായിരിക്കണം

---

പ്രായപരിധി

- വ്യക്തിഗത മത്സരങ്ങൾ പ്രായപരിധി അനുസരിച്ച് 6 കാറ്റഗറി ഉണ്ടാകും
- 1.സബ്ജൂനിയേഴ്സ്:-  2014 ജനുവരി 1-നോ ശേഷമോ ജനിച്ചവർ ( 12 വയസ്സും അതിൽ താഴെയും)
- 2.ജൂനിയേഴ്സ്:- 2011 ജനുവരി 1 - 2013 ഡിസംബർ 31 വരെ (13 വയസ്സു മുതൽ 15 വയസ്സ് വരെ)

3.   സീനിയേഴ്സ് A- 2007 ജനുവരി 1 -2010 ഡിസംബർ 31 വരെ ( 16വയസ്സ് മുത 19 വയസ്സ് വരെ)
4.സീനിയേഴ്സ് B-1996 ജനുവരി 1 - 2006 ഡിസംബർ 31 വരെ(20 വയസ്സ് മുതൽ 30 വയസ്സ് വരെ)
5. സൂപ്പർ സീനിയേഴ്സ് 1986 ജനുവരി 1- 1995 ഡിസംബർ 31 വരെ(31 വയസ്സ് മുതൽ 40 വയസ്സ് വരെ)
6.എൽഡേഴ്സ് 1986 ജനുവരി 1 ന് മുൻപ് ജനിച്ചവർ(40 വയസ്സിന് മുകളിൽപ്രായമുള്ളവർ)
വ്യക്തിഗത മത്സരങ്ങൾ ആൺ / പെൺ വിഭാഗങ്ങളിലായി നടത്തുന്നു.വ്യക്തിഗത ഇനങ്ങളിൽ ഒരാൾക്ക് ഒരു സാഹിത്യ മത്സരത്തിലും ഒരു കലാമത്സരത്തിലും മാത്രമേ പങ്കെടുക്കാനാകൂ.മാർഗ്ഗംകളി, സംഘഗാനം, സംഘനൃത്തം എന്നീ ഗ്രൂപ്പ് ഇനങ്ങൾ രണ്ട് വിഭാഗങ്ങളായിട്ടായിരിക്കും നടത്തുക. സബ്ജൂനിയർ, ജൂനിയർ, സീനിയർ ഒരു വിഭാഗവും, സൂപ്പർ സീനിയർ, എൽഡേഴ്സ് മറ്റൊരു വിഭാഗവുമായിട്ടായിരിക്കും മത്സരങ്ങൾ നടത്തുക.ഒരു വ്യക്തിക്ക് രണ്ട് ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കാം.(കുടുംബ കൂട്ടായ്മ ആന്തം ഒഴികെ) സംഘ ഗാന മത്സരത്തിൽ പുരുഷൻമാരും സ്ത്രീകളും ഉണ്ടായിരിക്കണം.കുടുംബ കൂട്ടായ്മ ആന്തത്തിൽ പുരുഷൻമാരും സ്ത്രീകളും ഉൾപ്പെടെ എല്ലാ പ്രായവിഭാഗക്കാരുംഉണ്ടായിരിക്കണം.

---

രജിസ്ട്രേഷൻ

മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ ഓൺലൈനിൽ ഇടവകതലത്തിൽ നടത്താൻ ശ്രദ്ധിക്കണം. അതാത് പ്രായവിഭാഗത്തിൽപ്പെട്ടവർ ആ വിഭാഗത്തിൽ തന്നെ രജിസ്റ്റർ ചെയ്യണം. ഇടവക തലത്തിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ചാൽ ഉടൻതന്നെ അതിൻറെ കോപ്പിയെടുത്ത് വികാരി അച്ചൻറെ ഒപ്പും ഇടവകയുടെ സീലും വെച്ച് ഫൊറോന കലോത്സവത്തിന്റെ ജനറൽ കോർഡിനേറ്ററെ ഏൽപ്പിക്കണം.അതിരൂപതാ കലോത്സവത്തിന് മത്സരാർത്ഥികൾ രജിസ്ട്രേഷൻ ഫീസ്  അടയ്ക്കേണ്ടതാണ്. വ്യക്തിഗത ഇനങ്ങൾക്ക് 50 രൂപയും ഗ്രൂപ്പ് ഇനങ്ങൾക്ക് 100 രൂപയുമായിരിക്കും ഫീസ് അടയ്ക്കേണ്ടത്. രചനാ മത്സരങ്ങൾ ഓഗസ്റ്റ് 28 ന് 19 മേഖലാ കേന്ദ്രങ്ങളിലായി നടത്തുന്നതാണ്. സെപ്റ്റംബർ 8 ന് മുൻപായി മേഖലാതലത്തിൽ ഓരോ വിഭാഗത്തിലും ഒ്നനാം സ്ഥാനം കരസ്ഥമാക്കിയവരുടെ പേരു വിവരങ്ങളും പേപ്പറുകളും രജിസ്ട്രേഷൻ ഫീസിനൊപ്പം മേഖലാ കോഓർഡിനേറ്റർ അതിരൂപതാ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.കലാമത്സരങ്ങളിൽ ഓരോ ഇനങ്ങളിലും ഫൊറോനയിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവരുടെ ലിസ്റ്റ് ഒക്ടോബർ 4-നു മുൻപായി സോഫ്റ്റ് വെയറിൽ ചേർത്ത് ഓരോ മത്സര ഇനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതാണ്.

---

അവതരണ വിഷയം
എല്ലാ മത്സര ഇനങ്ങളും ബൈബിൾ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ളവയും ക്രൈസ്തവ

മൂല്യങ്ങൾ നൽകുന്നവയുമായിരിക്കണം. അവതരണത്തിൽ ആനുകാലിക ആവിഷ്കരണം അനുവദനീയമാണ്

---

അവതരണത്തിനുള്ള രചനകൾ

ഏകാങ്കമത്സരത്തിനുള്ള രചനകൾ അംഗീകാരത്തിനായി 2026 സെപ്റ്റംബർ 5 - നു മുൻപ് തലശേരിയിലെ ബൈബിൾ അപ്പസ്തോലറ്റ് ഓഫീസിൽ ഏൽപ്പിക്കണം. ഏതെങ്കിലും രചന അവതരണയോഗ്യമല്ലന്നു ജൂറി തീരുമാനിക്കുന്ന പക്ഷം ആ വിവരം 2026 സെപ്റ്റംബർ 20 -നു മുൻപ് ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. മാറ്റം വരുത്തി വീണ്ടും സമർപ്പിക്കാനുള്ള സമയപരിധി ഒക്ടോബര് 1 വരെയാണ്. ഒരിക്കൽ ഒരു രചന അംഗീകരിച്ചു കഴിഞ്ഞാൽ അതിനു പകരമായി മറ്റൊന്നും സ്വീകരിക്കുന്നതല്ല. അംഗീകാരം ലഭിച്ചിട്ടില്ലാത്ത രചനകൾ അവതരിപ്പിക്കാൻ അനുവദിക്കുന്നതല്ല.

---

പ്രത്യേക ആനുകൂല്യം

വ്യക്തിഗത/ ഗ്രൂപ്പിനങ്ങളിൽ മത്സരാർത്ഥിക്ക് പങ്കെടുക്കാനാവാത്ത അവസ്ഥ വന്നാൽ പകരം മറ്റൊരാളെ പങ്കെടുപ്പിക്കാവുന്നതാണ്. മത്സരത്തിന് 24 മണിക്കൂർ മുൻപ് കേന്ദ്ര ഓഫീസിൽ ഇക്കാര്യം അറിയിച്ച് പേരുവിവരങ്ങൾ നൽകേണ്ടതാണ്.

---

ഗ്രേഡും മാർക്കുകളും

മത്സരിക്കുന്നവർക്ക് ലഭിക്കുന്ന മാർക്കിൻറെ അടിസ്ഥാനത്തിൽ ഗ്രേഡ് നിശ്ചയിച്ച് പോയിൻറുകൾ കണക്കാക്കുന്നതാണ്. വ്യക്തിഗതയിന മത്സരവിജയികൾക്ക് 5,3,1 എന്ന വിധത്തിലും, ഗ്രൂപ്പ് മത്സര വിജയികൾക്ക് 10,7,5 എന്ന വിധത്തിലും മാർക്ക് നൽകുന്നതാണ്. കൂടാതെ 5,3,1 എന്ന വിധത്തിൽ എ,ബി,സി ഗ്രേഡ് നിശ്ചേയിച്ച് സമ്മാനങ്ങൾക്കായി കണക്കാക്കുന്നതാണ്. ഓരോ ഇനത്തിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് മെമൻറോയും, ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. പോയിൻറിൻറെ അടിസ്ഥാനത്തിലാരിക്കും ഓവറോൾ ചാംപ്യൻഷിപ് നിശ്ചയിക്കുക. ഏറ്റവും കൂടുതൽ പോയിൻറുകളോടെ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന ഫൊറോനകൾക്കും ഇടവകകൾക്കും എവർറോളിങ്ങ് ട്രോഫികൾ നൽകുന്നതാണ്. അതിരൂപതാതലത്തിൽ വ്യക്തിഗത ഇനങ്ങളിൽ സമ്മാനാർഹരാകുന്നവരുടെ പോയൻറ് മാത്രമേ മികച്ച ഇടവകയെ കണ്ടെത്താൻ അതിരൂപതാ തലത്തിൽ ഉപയോഗിക്കുകയുള്ളു. വിവിധ സംഘടനാംഗങ്ങൾക്ക് വ്യക്തിഗത/ഗ്രൂപ്പിനങ്ങളിൽ ലഭിക്കുന്ന പോയൻറുകൾ പരിഗണിച്ച് മികച്ച മേഖലകൾക്ക് സംഘടനകളുടെ എവർ റോളിംഗ് ട്രോഫികൾ വിതരണം ചെയ്യുന്നതാണ്.

---

അവതരണങ്ങളുടെ ക്രമം

2026 ഒക്ടോബർ 7 -നു രാവിലെ 11 മണിക്ക് ചെമ്പേരി വിമൽജ്യോതിയിൽവച്ച് നറുക്കെടുപ്പ് നടത്തി നിശ്ചേയിക്കുന്നതാണ്. ഫൊറോനാ കോർഡിനേറ്റർക്കോ ആദ്ദേഹത്തിൻറെ പ്രതിനിധിക്കോ നറുക്കെടുപ്പിൽ പങ്കെടുക്കാം. മത്സരവേളകളിൽ ആദ്യന്തം ഓരോ ഫൊറോനയുടെയും കോർഡിനേറ്ററോ ആദ്ദേഹം നിശ്ചയിക്കുന്ന ടീം മാനേജരോ മത്സരസ്ഥലത്ത് ഉണ്ടായിരിക്കണം

---

മത്സരത്തെക്കുറിച്ചുള്ള പരാതികൾ (Appeal).

ഫലപ്രഖ്യാപനം നടന്ന് 15 മിനിറ്റിനുള്ളിൽ, അപ്പീൽ രേഖാമൂലം ജനറൽ കോർഡിനേറ്ററുടെ പക്കൽ ജൂറി ഓഫ് അപ്പീലിന് വ്യക്തിഗത ഇനത്തിൽ 500 /- രൂപയും ഗ്രൂപ്പിനത്തിന് 1000/-രൂപയും ഫീസോടുകൂടി നൽകേണ്ടതാണ് എല്ലാ മത്സരങ്ങളിലും ജൂറിയുടെ തീരുമാനം അന്തിമമായിരിയ്ക്കും. തികച്ചും ന്യായമായ അപ്പീലുകൾക്ക് തുക തിരികെ നൽകുന്നതാണ്.

---

ഭക്ഷണം

കലോത്സവത്തിൽ പങ്കെടുക്കുന്നവർക്കും സഹായികൾക്കും ഭക്ഷണം മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. എത്ര പേർക്ക് ഭക്ഷണം വേണ്ടിവരുമെന്ന് 2026 ഒക്ടോബർ 5 - നു മുൻപ് റവ.ഫാ.ആൻറണി കിടാരത്തലിനെ (ഫോൺ-9778194799) അറിയിക്കേണ്ടതാണ്. ഈ തിയതിക്കകം അറിയിക്കാത്തവർക്ക് ഭക്ഷണം ലഭിക്കുന്നതല്ല. ഭക്ഷണത്തിനുള്ള ഫീസ് ഒക്ടോബർ 10 ന് മുൻപായി മേഖലാ കോ ഓർഡിനേറ്റേഴ്സിന് അയച്ചുതരുന്ന അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

---

താമസസൗകര്യം

കലോത്സവദിനത്തിൽ താമസസൗകര്യം ആവശ്യമുള്ളവർ ഫൊറോനാ കോഓർഡിനേറ്റർ വഴി ഒക്ടോബർ 5 - നു മുൻപ് റവ.ഫാ.ക്രിസ് കടക്കുഴയിലിനെ അറിയിക്കേണ്ടതാണ്. (ഫോൺ-8547724795)

---

നിർദേശങ്ങൾ.

- ഓഗസ്റ്റ് 28 ന് 10.30am മുതൽ 12.30pm വരെ നടക്കുന്ന രചനാ മത്സരങ്ങൾക്കുള്ള സജ്ജീകരണങ്ങൾ അതാത് ഫൊറോന കലോത്സവ കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്രമീകരിക്കേണ്ടതാണ്..മത്സര വിഷയങ്ങൾ,എഴുതാനുള്ള സീൽ ചെയ്ത പേപ്പർ,വരയ്ക്കാനുള്ളA3 ഷീറ്റുകൾ,ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങൾ,എന്നിവ അതിരൂപതയിൽ നിന്നും അതാത് മേഖലകളിൽ എത്തിക്കുന്നതാണ്.
- രചനാ മത്സര നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ രൂപതയിൽ നിന്ന് ഓരോ ഇൻവിജിലേറ്ററെ മേഖലകളിലേയ്ക്ക് ചുമതലപ്പെടുത്തുന്നതാണ്.
- മൂന്ന് സംഘടനകളുടെയും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കുവാൻ പാടില്ല,കൂടാതെ അതിരൂപത കലോത്സവ നടത്തിപ്പിനായി ഓരോ മേഖലയിൽ നിന്നും രണ്ട് പേരെ വീതം 3 സംഘടനകളിൽ നിന്നും ജൂലൈ 26 ന് മുൻപ് കണ്ടെത്തി പേര് വിവരങ്ങൾ കോ ഓർഡിനേറ്റർമാരുടെ ഗ്രൂപ്പിൽ അറിയിക്കേണ്ടതാണ്.
- യുവജനങ്ങൾക്കായി നടത്തുന്ന പ്രത്യേക മത്സരങ്ങൾക്ക A,B വിഭാഗങ്ങൾ ഉണ്ടായിരിക്കുന്നതല്ല.എന്നാൽ ആൺ/പെൺ വ്യത്യാസം ഉണ്ടായിരിക്കും
- മത്സഫലങ്ങൾ മത്സര ദിവസങ്ങളിൽ തന്നെ പ്രഖ്യാപിക്കുന്നതും,സമ്മാനങ്ങൾ 2026 ഒക്ടോബഡ 21 ന് വൈകുന്നേരം 5 മണിക്ക് നടക്കുന്ന സമ്മേളനത്തിൽ വെച്ച് അഭിവന്ദ്യ പിതാവ് വിതരണം ചെയ്യുന്നതാണ്.

---

## Offstage Program Criterias

രചനാ മത്സരങ്ങൾ - ചിത്രരചന (ജലഛായം)

- ചിത്രരചന ജലഛായം(സബ് ജൂനിയർ)
- സമയം -1.30 മണിക്കൂർ
- A3 Size Paper ആണ് നൽകുക
- നൽകുന്ന രേഖാചിത്രം നോക്കി വരച്ച് നിറം നൽകണം

---

രചനാ മത്സരങ്ങൾ - ഉപന്യാസം

- സമയം : 1.30 മണിക്കൂർ
- വിഷയം : തത്സമയം നൽകുന്നതാണ്.
- ഭാഷ : മലയാളം
- 5 പേജിൽ കവിയരുത്

ബൈബിൾ ഭാഗങ്ങൾ

- ജൂനിയർ-വി.യോഹന്നാൻ 6
- സീനിയർ-വി.യോഹന്നാൻ 8
- സൂപ്പർ സീനിയർ - വി.യോഹന്നാൻ 9
- എൽഡേഴ്സ്- വി.യോഹന്നാൻ 10

---

രചനാ മത്സരങ്ങൾ - കവിതാരചന

- കവിതാ രചന
- സമയം - 1.30 മണിക്കൂർ
- വിഷയം - തത്സമയം നൽകുന്നതാണ്.
- ഭാഷ - മലയാളം
- 3 പേജിൽ കവിയരുത്
- ബൈബിൾ ഭാഗങ്ങൾ
- ജൂനിയർ - വി .യോഹന്നാൻ 6
- സീനിയർ - വി.യോഹന്നാൻ 8
- സൂപ്പർ സീനിയർ - വി. യോഹന്നാൻ 9
- എൽഡേഴ്സ്- വി യോഹന്നാൻ 10

---

രചനാ മത്സരങ്ങൾ - ചിത്രരചന(പെൻസിൽ)

- സമയം- 1.30 മണിക്കൂർ
- A3 Size Paper ആണ് നൽകുക
- വിഷയം തത്സമയം നൽകുന്നതാണ്.
- HBപെൻസിൽ ഉപയോഗിക്കേണ്ടതാണ്.

---

രചനാ മത്സരങ്ങൾ - കഥാരചന

- സമയം- 1.30 മണിക്കൂർ
- വിഷയം : തത്സമയം നൽകുന്നതാണ്.
- ഭാഷ-മലയാളം
- 4 പേജിൽ കവിയരുത്
- ബൈബിൾ ഭാഗങ്ങൾ
- ജൂനിയർ-വി.യോഹന്നാൻ 6
- സീനിയർ - വി.യോഹന്നാൻ 8
- സൂപ്പർ സീനിയർ- വി.യോഹന്നാൻ 9
- എൽഡേഴ്സ്- വി.യോഹന്നാൻ 10

---

രചനാ മത്സരങ്ങൾ - കാർട്ടൂൺ രചന

- സമയം-1.30 മണിക്കൂർ
- വിഷയം-തത്സമയം നൽകുന്നതാണ്
- ഭാഷ -മലയാളം
- യാതൊരുവിധത്തിലുള്ള കളറും ഉപയോഗിക്കാൻ പാടില്ല(കറുപ്പ് ഒഴികെ)
- ചിത്രം, ആശയം, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്

രചനാ മത്സരങ്ങൾ - പോസ്റ്റർ രചന

സമയം-1.30 മണിക്കൂർ

വിഷയം-തത്സമയം നൽകുന്നതാണ്.

പോസ്റ്റർ കളർ, ട്രാൻസ്പരൻറ് കളർ, വാട്ടർ കളർ എന്നിവ ഉപയോഗിക്കാം

ക്രയോൺസ് ഉപയോഗിക്കാൻ പാടില്ല

ആശയം എഴുതാൻ സ്കെച്ച് ഉപയോഗിക്കാവുന്നതാണ്.ചിത്രം വരച്ച് ആശയം ഉൾക്കൊള്ളുന്ന രീതിയിലാണ് പോസ്റ്റർ രചിക്കേണ്ടത്

---

രചനാ മത്സരങ്ങൾ - ബൈബിൾ ക്വിസ്സ്

പഠനഭാഗങ്ങൾ1 സാമുവൽ 1-7

വി.യോഹന്നാൻ 1-12

ഗലാത്തിയ 1-6

50 ചോദ്യങ്ങൾ ഉണ്ടായിരിക്കും

ഉത്തരങ്ങൾ അപ്പോൾ തന്നെ വിലയിരുത്തുന്നതാണ്.

ഒരേ മാർക്ക് ഒന്നിലധികം പേർക്ക് വന്നാൽ അവർക്ക് മാത്രമായി വീണ്ടും 10 ചോദ്യങ്ങൾ ചോദിക്കുന്നതാണ്.

ഫൊറോന തല വിജയികൾക്ക് അതിരൂപത മത്സരം ഒക്ടോബർ 20,21 ദിവസങ്ങളിൽ നടത്തുന്നതാണ്.

---

രചനാ മത്സരങ്ങൾ - പത്രവാർത്ത

സമയം-1.30 മണിക്കൂർ

ഭാഷ-മലയാളം

രണ്ട് ചോദ്യങ്ങൾ ഉണ്ടായിരിക്കും

1.ഒരു പ്രോഗ്രാമിൻറെ റിപ്പോർട്ട്

2.എഡിറ്റോറിയൽ

---

## Onstage Program Criterias

അവതരണ മത്സരങ്ങൾ - സംഗീതം

- ക്രിസ്തീയ ഭക്തിഗാനങ്ങൾ ആയിരിക്കണം
- ക്ലാസിക്കൽ ഗാനങ്ങൾ പാടില്ല, സെമി ക്ലാസിക്കൽ അനുവദനീയമാണ്
- സ്വരങ്ങൾ പാടില്ല, ഹമ്മിങ് ആകാം,
- മൈക്ക് ഉണ്ടായിരിക്കുന്നതല്ല.
- സംഗീത ഉപകരണങ്ങൾ പാടില്ല
- പല്ലവി, അനുപല്ലവി- പല്ലവി പാടി അവസാനിപ്പിക്കേണ്ടതാണ്.

---

അവതരണ മത്സരങ്ങൾ - പ്രസംഗം

- പ്രസംഗ സമയം 5 മിനിറ്റായിരിക്കും.
- 4 മിനിറ്റിന് വാണിംഗ് ബെൽ ഉണ്ടായിരിക്കും .
- ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ,എൽഡേഴ്സ് വിഭാഗത്തിന് 5 മിനിറ്റ് മുൻപ് വിഷയം തരുന്നതായിരിക്കും..
- സബ് ജൂനിയർ വിഷയം: ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ ക്രൈസ്തവ സാക്ഷ്യത്തിൻറെ തേരാളികൾ
- <u>ജൂനിയർ വിഷയം:</u>
- 1.വി.കൊച്ചുത്രേസ്സ്യ ക്രിസ്തു സാക്ഷ്യത്തിൻറെ മകുടം
- 2.എൻറെ സഭ എൻറെ അഭിമാനം
- സീനിയർ-വി.യോഹന്നാൻ 2
- സൂപ്പർ സീനിയർ- വി.യോഹന്നാൻ 4
- എൽഡേഴ്സ്-വി.യോഹന്നാൻ 5

---

അവതരണ മത്സരങ്ങൾ - ബൈബിൾ വായന

- സമയം 3 മിനിറ്റ് ആയിരിക്കും
- സമ്പൂർണ്ണ ബൈബിളായിരിക്കും വായനയ്ക്ക് നൽകുക.

---

അവതരണ മത്സരങ്ങൾ - കഥാപ്രസംഗം

- 
- കഥാതന്തു വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും എടുത്തതായിരിക്കണം
- വ്യക്തിഗത ഇനം ആയതിനാൽ പാടുന്നതും പറയുന്നതും ഒരാൾ തന്നെ ആയിരിക്കണം.
- വാദ്യോപകരണങ്ങൾ പാടില്ല
- ഒരു ഫൊറോനയിൽ നിന്നും ഒരേ പ്രായപരിധിയിൽ ഒരു എൻട്രി മാത്രമേ സ്വീകരിക്കുകയുള്ളു
- ആൺ പെൺ വ്യത്യാസം ഉണ്ടായിരിക്കുകയില്ല.

---

അവതരണ മത്സരങ്ങൾ - നാടോടിനൃത്തം

- പെൺകുട്ടികൾക്ക് മാത്രം
- സയം 5 മിനിറ്റായിരിക്കും
- നാടോടി തനിമ എല്ലാ രീതിയിലും നിലനിർത്തേണ്ടതാണ്)
- ക്രൈസ്തവ പ്രേമേയമായിരിക്കണം

---

അവതരണ മത്സരങ്ങൾ - മോണോആക്ട്

- സമയം 5 മിനിറ്റായിരിക്കും

- പ്രമേയം  ബൈബിൾ അധിഷ്ഠിതം   ആയിരിക്കണം .
- 4 മിനിട്ടിനു വാണിംഗ് ഉണ്ടായിരിക്കും

---

അവതരണ മത്സരങ്ങൾ - ആന്തം മത്സരം -മാതൃവേദി

  - മാതൃവേദിയുടെ യൂണിഫോം, ബാഡ്ജ് ധരിച്ചിരിക്കണം
  - ആദ്യം മുതൽ അവസാനം വരെ ഒന്നിച്ചാണ് പാടേണ്ടത്
  - കോറസ് മാത്രം 2 ഗ്രൂപ്പായി റെക്കോർഡിലേതുപോലെ പാടേണ്ടതാണ്.
  - മാതൃവേദി പതാക ഏന്തണം
  - 7 പേരുടെ ടീം ആയിരിക്കണം
  - താളം അടിച്ച് പാടരുത്
  - മൈക്ക് ഉണ്ടായിരിക്കുന്നതല്ല
  - ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല

---

അവതരണ മത്സരങ്ങൾ - മാർഗംകളി

- സമയം 10 മിനിറ്റായിരിക്കും7 പേരടങ്ങുന്ന ടീം.
- ഒരാൾ പാടുകയും ബാക്കിയുള്ളവർ കളിക്കുകയും ചെയ്യുന്നു.
- നിലവിളക്ക് നൽകുന്നതാണ്.
- തനതായ വേഷമായിരിക്കണം
- നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് ഇലത്താളം ഉപയോഗിക്കാവുന്നതാണ്. മറ്റു സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല
- മുടി മായ് കെട്ട് കെട്ടണം
- ചട്ട, മുണ്ട്, കവണി എന്നിവ ആവശ്യമാണ്.മുണ്ടിൽ ഞൊറികൾ ഉണ്ടായിരിക്കണം
- കൈകളിൽ വീതിയുള്ള കാപ്പു വള കുണുക്ക്, കാശിമാല, കാൽത്തള എന്നിവ ഉണ്ടായിരിക്കണം.
- കളിക്കുമ്പോൾ ആഭരണങ്ങൾ അഴിയാൻ പാടില്ല
- കൈ കുത്താൻ പാടില്ല
- 

---

അവതരണ മത്സരങ്ങൾ - സംഘഗാനം

- സ്ത്രീ പുരുഷ പങ്കാളിത്തം ഉണ്ടായിരിക്കണം.
- 7 മിനിറ്റ് സമയം
- 7 പേര് അടങ്ങുന്ന ടീം  ആയിരിക്കണം .
- ക്രിസ്തീയ ഭക്തിഗാനങ്ങൾ  ആയിരിക്കണം,ക്ലാസിക്കൽ ,സെമിക്ലാസിക്കൽ,സ്വരങ്ങൾ & ഹമ്മിങ് എന്നിവ ആകാം.

---

അവതരണ മത്സരങ്ങൾ - പരിചമുട്ട്

- സമയം 10 മിനിറ്റ്
- 8 പേരുടെ ഗ്രൂപ്പ്
- ആൺകുട്ടികൾക്ക് മാത്രമായിരിക്കും മത്സരം
- തനതായ വേഷമായിരിക്കണം
- നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് കുഴിത്താളം ( ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്.

- മറ്റ് സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല
- പുണ്യാള ചരിതം, പള്ളി ക്രിസ്തീയ ഗാനങ്ങൾ ഉപയോഗിക്കാം
- ചുവടിനേക്കാൾ അടവുകൾക്ക് പ്രാധാന്യം
- 6 പേര് കളിക്കുകയും രണ്ട് പേര് പാടുകയും ചെയ്യുന്നു.
- മുണ്ട് താറുടുത്ത് അരയിലും, തലയിലും ചുവന്ന പട്ട് ധരിക്കണം
- കൈ ആഭരണങ്ങൾ കുരിശുമാല എന്നിവ ധരിക്കാം
- കൃതാവ് നിർബന്ധമാണ്.പോരാളിയുടെ മേയ്ക്കപ്പായിരിക്കണം
- ശരയായ വാളും പരിചയും വേണം.വാളോ പരിചയോ കളിക്കിടെ താഴെപ്പോയാൽ, അടവോ ചുവടെ തെറ്റിയാൽ, കൂട്ടിയിടിച്ചാൽ അവ വിലയിരുത്തലിൽ ശ്രദ്ധിക്കുന്നതാണ്.

---

അവതരണ മത്സരങ്ങൾ - ബൈബിൾ ദ്ര്യശ്യാവതരണം

- സമയം 10 മിനിറ്റ്
- 5 പേരിൽ കൂടാൻ പാടില്ല. സംഭാഷണങ്ങളും കംമെന്ററികളും ആകാം. രംഗസജ്ജീകരണങ്ങൾക്കും അഴിച്ചുമാറ്റുന്നതിനായി പരമാവധി 7 മിനിറ്റ് അനുവദിക്കുന്നതാണ്. അവതരണം 3 മിനിറ്റ് ആയിരിക്കും. രംഗസജ്ജീകരണത്തിനു 10%ത്തിൽ കവിയാത്ത മാർകെ ലഭിക്കു. ദൃശ്യങ്ങൾ വി. ഗ്രന്ഥത്തിൽ നിന്നും എടുത്തവയായിരിക്കണം. സാങ്കല്പിക കഥകൾ പാടില്ല. കർട്ടൺ ഉൾപ്പെടയുള്ള സാങ്കേതിക ആവശ്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്. വൈദ്യതി സംബന്ധമായ തകരാറുകൾ ഉണ്ടായാൽ ടീമിന് ആവശ്യമെങ്കിൽ വീണ്ടും അവസരം നൽകുന്നതാണ്. സംഭാഷണങ്ങളും കംമെന്ററികളും റെക്കോർഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. 3 മൈക്കും 1 സ്വിച്ച് ബോർഡും അതിരൂപതാസമിതി ബൈബിൾ ദൃശ്യാവതരണത്തിനായി സ്റ്റേജിൽ നൽകുന്നതാണ്. എക്സ്ട്രാ ഉപകരണങ്ങൾ ടീം സ്വന്തം ഉത്തരവാദിത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്. എൽ.സി.ഡി ഉപയോഗിക്കാൻ പാടില്ല. ബൈബിൾ ദ്രിശ്യാവത്കരണത്തിനായി ചാൻസ് നമ്പർ അനൗൺസ് ചെയ്ത് കഴിഞ്ഞ് ഫൈനൽകോളിനുശേഷം ബൈബിൾ ദൃശ്യാവതരണം സ്റ്റേജിൽ അവതരിപ്പിക്കുന്നതിൽ ടീമിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾക്ക് അതിരൂപത കമ്മിറ്റിക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുകയില്ല. പ്രസ്തുത ടീമിനെ ക്യാൻസൽ ചെയ്യുന്നതാണ്. ഒരു ടീമിന്റെ അവതരണാരംഭം മുതൽ 10 മിനിറ്റ് കഴിഞ്ഞ് കർട്ടൻ ഉയർത്തി സ്റ്റേജ് ക്ലീൻ റിപ്പോർട്ട് നൽകേണ്ടതാണ്.

---

അവതരണ മത്സരങ്ങൾ - സംഘനൃത്തം

- സമയം 7 മിനിറ്റ്
- ക്രിസ്ത്യൻ തീം ആയിരിക്കണം
- 7 പേരടങ്ങുന്ന ടീമായിരിക്കണം
-

---

അവതരണ മത്സരങ്ങൾ - ബൈബിൾ ഏകാങ്കനാടകം

- അവതരണസമയം 20 മിനിറ്റ് ആയിരിക്കും.
- ബൈബിൾ സംഭവങ്ങളെ ആസ്പദമാക്കിയാണ് നാടകം അവതരിപ്പിക്കേണ്ടത്.
- നാടകം അവതരണത്തിനുമുൻപ് സ്റ്റേജ് സജ്ജീകരണത്തിനു 5 മിനിറ്റ് ലഭിക്കുന്നതാണ്. അനുവദിക്കപ്പെട്ട സമയത്തിന് മുൻപ് സ്റ്റേജിൽ ക്രമീകരണങ്ങൾ ചെയ്യാൻ പാടില്ല .
- നാടകം കഴിഞ്ഞ് 5 മിനിറ്റിനുള്ളിൽ സ്റ്റേജ് സ്വതന്ത്രമാക്കി കൊടുക്കേണ്ടതാണ്.
- സ്റ്റേജ് സജ്ജീകരണത്തിനുള്ള സമയത്തിനുശേഷമേ നാടകം ആരംഭിക്കാവു.
- സംഭാഷണങ്ങളും കംമെന്ററികളും റെക്കോർഡ് ചെയ്ത് ഉപയോഗിക്കാൻ പാടില്ല, എന്നാൽ പശ്ചാത്തല സംഗീതമോ ശബ്ദമോ ആകാം.

- സ്റ്റേജിൽ കർട്ടൻ,  ഫ്രണ്ട് കർട്ടൻ,  രണ്ടു ഫൂട്ട് ലൈറ്റ്,  മൈക്ക് എന്നിവ ലഭിക്കുന്നതാണ്.
- നാടകത്തിനിടയിൽ വരുത്തുന്ന സാങ്കേതിക പിഴവുകൾക്ക് മൈനസ് മാർക്ക് ഉണ്ടായിരിക്കുന്നതാണ്.

---

അവതരണ മത്സരങ്ങൾ - മൈം

- സമയം 10 മിനിറ്റ്
- 3 പേരിൽ കുറയാനോ 12 പേരിൽ കൂടാനോ പാടില്ല
- യുവാക്കളെയും യുവതികളെയും ഉൾപ്പെടുത്തിയ ടീമുകൾ രൂപീകരിക്കാൻ അനുവാദമുണ്ട്
- മത്സരത്തിനു ശേഷം അതതു ടീമുകൾ സ്റ്റേജ് ക്ലിയർ ചെയ്യണം
- ധാർമ്മിക മൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമാകണം
- ഒരു വിഷയമോ, ആശയമോ, കഥയോ ശരീര ചലനങ്ങൾ, മുഖഭാവം, അംഗവിക്ഷേപം, അംഗവിന്യാസം, എന്നവയിലൂടെ അവതരിപ്പിക്കുക

---

അവതരണ മത്സരങ്ങൾ - ഫോട്ടോഗ്രാഫി

- സമയം 1 മണിക്കൂർ
- ബൈബിൾ കലോത്സവം   നടക്കുന്ന സ്ഥലത്ത് തത്സമയം തരുന്ന വിഷയത്തിൽ ഫോട്ടോയെടുത്ത് നൽകണം.
-   ഡിജിറ്റൽ ക്യാമറ,  പ്രൊഫഷണൽ ക്യാമറ തുടങ്ങിയ ഏതുതരം ക്യാമറയും ഉപയോഗിക്കാവുന്നതാണ്.
-   ഡാറ്റ ഒന്നുമില്ലാത്ത മെമ്മറികാർഡ് മാത്രമേ മത്സരത്തിന് അനുവദിക്കുകയുള്ളു.
- മെമ്മറി കാർഡ് മത്സരത്തിന് മുൻപ് സംഘടകരെ കാണിച്ച ഉറപ്പുവരുത്തേണ്ടതാണ്.
- മൊബൈൽ ക്യാമറ അനുവദിനീയമല്ല.
- 

---

അവതരണ മത്സരങ്ങൾ - മിമിക്രി

- സമയം 5 മിനിറ്റ്
- ധാർമിക മൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമാകണം.
-   ആക്ഷേപങ്ങളും അപഹാസ്യമായ പരാമർശങ്ങളും ഒഴിവാക്കണം.
- 

---

അവതരണ മത്സരങ്ങൾ - ഡിബേറ്റ്

- സമയം 10 മിനിറ്റ്
- വിഷയം 10 മിനിറ്റ് മുൻപ് നൽകുന്നതാണ്.
- 2 പേർക്ക് ഒരു ടീമായി പങ്കെടുക്കാം.ഒരാൾ പ്രപ്പോസർ മറ്റേയാൾ ഒപ്പോസർ, ഒപ്പോസറിനും പ്രപ്പോസറിനും 5 മിനിറ്റ് വീതം ഉപയോഗിക്കാം.
- ആദ്യം 5 മിനിറ്റ് അനുകൂലിക്കുന്ന വ്യക്തിക്കും അവസാന 5 മിനിറ്റ് പ്രതികൂലിക്കുന്ന വ്യക്തിക്കും വിഷയത്തെക്കുറിച്ച് സംസാരിക്കുന്ന രീതിയിലായിരിക്കും ഡിബേറ്റ് നടത്തപ്പെടുക.

---

അവതരണ മത്സരം - ആന്തം മൽസരം - CML

- 7 പേരുടെ ടീം ആയിരിക്കണം.
- അതാത് സംഘടനകളുടെ നിബന്ധനകൾ പാലിക്കണം
- താളം അടിച്ച് പാടരുത്
- മൈക്ക് ഉണ്ടായിരിക്കുന്നതല്ല
- ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല
- ആവർത്തനമില്ലാതെ പാടണം എന്നാൽ ആദ്യ നാല് വരി അവസാനം പാടി 'മുന്നേറുവിൻ മുന്നേറുവിൻ മുന്നേറുവിൻ"എന്ന് പാടി അവസാനിപ്പിക്കാവുന്നതാണ്.
- ബാഡ്ജ് ധരിക്കണം.

---

അവതരണ മത്സരങ്ങൾ - ആന്തം മത്സരം -KCYM

- 7 പേരുടെ ടീം ആയിരിക്കണം
- താളം അടിച്ച് പാടരുത്
- മൈക്ക് ഉണ്ടായിരിക്കുന്നതല്ല
- ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല
- സെക്കൻസ്, റിപ്പീറ്റേഷൻസ് എന്നിവ പാടുള്ളതല്ല
- കെ സി വൈ എം പതാക ഏന്തണം
- മാർച്ചിംഗ് ട്യൂണാണ് ആലപിക്കേണ്ടത്
- ടീമിൽ യുവാക്കളും യുവതികളും ഉണ്ടായിരിക്കണം

---

അവതരണ മത്സരങ്ങൾ - കുടുംബ കൂട്ടായ്മ ആന്തം

- 7 പേരുടെ ടീം ആയിരിക്കണം
- അതാത് സംഘടനകളുടെ നിബന്ധനകൾ പാലിക്കണം
- താളം അടിച്ച് പാടരുത്
- മൈക്ക് ഉണ്ടായിരിക്കുന്നതല്ല
- ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല
- പുരുഷൻമാരും സ്ത്രീകളും ഉൾപ്പെടെ എല്ലാ പ്രായ വിഭാഗക്കാരും ഉണ്ടായിരിക്കണം

---